# കേരളീയം

# നമുക്കിറങ്ങേണ്ട സമയമായി

എഫ്.എ.സി.ടി. കഴിഞ്ഞ പതിനഞ്ചു വർഷക്കാലത്തെ ചരിത്രത്തിലാദ്യമായി ഇക്കൊല്ലം നഷ്ടത്തിലാണ്. തെക്കേ ഇന്ത്യയിലെ എല്ലാ രാസവള നിർമാണ ശാലകളിലും കണ്ടമാനം യൂറിയ കെട്ടിക്കിടക്കുകയാണ് എന്നും പത്രറിപ്പോർട്ടുകൾ പറയുന്നു. അങ്ങാടികളിലെ വളം ഡിപ്പോകളിലാവട്ടെ വിൽപ്പന കുറയുകയാണ്. കാർഷിക വായ്പ നല്കുമ്പോൾ അതിലൊരു പങ്ക് രാസവളമായി നല്കിയിരുന്ന കാർഷിക സഹകരണ സംഘങ്ങളും രാസവളത്തോടൊപ്പം ജൈവവളവും നല്കിത്തുടങ്ങിയിരിക്കുന്നു.

സൂചനകൾ വളരെ വ്യക്തമാണ്. കേരളത്തിലെ കർഷകസമൂഹം രാസവളത്തിന് നല്കിയിരുന്ന അമിത പ്രാധാന്യം വേണ്ടെന്നുവച്ചിരിക്കുന്നു. രാസവള പ്രയോഗത്തിന്റെയും കീടനാശിനി പ്രയോഗത്തിന്റെയും ദുഷ്ഫലങ്ങൾ അവർ ശരിക്കും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാതെതന്നെ ഏതെങ്കിലും കാർഷികവിള തരക്കേടില്ലാത്ത വിളവ് നല്കുമെന്നുകണ്ടാൽ ആ വിളവിന്റെ കാര്യത്തിൽ അതെല്ലാം ഒഴിവാക്കാൻ കൃഷിക്കാരൻ സ്വമേധയാ തയാറാകുന്നു.

പക്ഷെ, കാർഷിക ശാസ്ത്രജ്ഞരും കൃഷിവകുപ്പും മാധ്യമങ്ങളുംകൂടി പതിരുപത്തഞ്ച് വർഷങ്ങളായി കൊട്ടിഘോഷിച്ച് കർഷകനെ കെട്ടിയേൽപ്പിച്ച ഈ വിഷപ്രയോഗ പരിപാടിയുടെ ഏറ്റവും വലിയ ദുഷ്യം അതിൽനിന്നും അത്ര പെട്ടെന്ന് ഊരിപ്പോരാനാവില്ല എന്നതാണ്. ഇക്കാലത്ത് കൃഷിയിടങ്ങളിലെല്ലാം നട്ടുനനച്ച് വളർത്തിയിരുന്നത് സങ്കരയിനം കാർഷികവിളകളായിരുന്നു. സങ്കരയിനത്തിനു നല്കിയ പ്രാധാന്യംമൂലം നാടൻ ഇനങ്ങൾ നാമാവശേഷമായ ഒരവസ്ഥയിലായി. രണ്ട്-മൂന്നു പതിറ്റാണ്ടുകളിലെ നിരന്തരമായ രാസവള-രാസവിഷപ്രയോഗം മൂലം മണ്ണ് നശിച്ചു. കളകളും കീടങ്ങളും കൂടുതൽ പ്രതിരോധശേഷി ആർജിച്ചു. ഇതെല്ലാം ദുർബലമായ സാമ്പത്തികസ്ഥിതിയും മനോധൈര്യക്കുറവുമുള്ള കർഷകന്റെ കാര്യത്തിൽ തിരിച്ചുപോക്ക് സാധ്യമല്ലാത്ത ഒരവസ്ഥ തന്നെ സൃഷ്ടിച്ചു.

പക്ഷെ, വർഷംതോറും സർക്കാരും കാർഷിക പ്രസിദ്ധീകരണങ്ങളും പ്രഖ്യാപിക്കുന്ന മികച്ച കർഷകർക്കുള്ള അവാർഡുകൾ ലഭിച്ചവരെ ശ്രദ്ധിക്കുക. അവരുമായുള്ള അഭിമുഖങ്ങൾ മാധ്യമങ്ങളിൽ വരാറുണ്ടല്ലോ- ഇത്തരം അവാർഡു കിട്ടുന്ന, മികച്ച കർഷകരെല്ലാം തന്നെ തങ്ങളുടെ കൃഷിഭൂമിയിൽ രാസവളങ്ങൾ ഒട്ടുംതന്നെ പ്രയോഗിക്കാത്തവരോ അല്ലെങ്കിൽ തീരെ ചെറിയ അളവിൽമാത്രം പ്രയോഗിക്കുന്നവരോ ആണ്.

അതോടൊപ്പം തന്നെ, രാസവിഷങ്ങൾ ഉപയോഗിച്ച് കൃഷിചെയ്തുണ്ടാക്കുന്ന കാർഷികോത്പന്നങ്ങളിൽ ആ വിഷാംശങ്ങൾ നിലനിൽക്കുന്നു എന്ന അറിവും അതുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ കൺമുന്നിൽ കാണാൻ തുടങ്ങിയതും രാസവിഷങ്ങൾക്കെതിരായ നിലപാടെടുക്കാൻ പ്രേരണയായിട്ടുണ്ട്.

ശരിയായ ദിശയിലേക്കുള്ള ഇത്തരമൊരു മനംമാറ്റത്തിന്റെ സാമൂഹ്യപശ്ചാത്തലത്തിലാണ് പ്രകൃതികൃഷി, പ്രകൃതി ചികിത്സ, ജൈവകൃഷി തുടങ്ങിയ പ്രസ്ഥാനങ്ങൾ കേരളത്തിൽ വേരുറപ്പിച്ചതും.

പക്ഷെ, നന്മയുടെ കൃഷിരീതിക്ക് ഒരു പരിമിതിയുണ്ട്. 'ആരെങ്കിലും കൃഷിചെയ്തുണ്ടാക്കട്ടെ, നമുക്ക് പണംകൊടുത്ത് വാങ്ങി ഉപയോഗിക്കാം' എന്ന രീതി വിജയിക്കുന്നിടമല്ല അത്. എല്ലാവരും സ്വയം കൃഷി ചെയ്യാൻ തുടങ്ങുന്ന അവസ്ഥയിലേ നന്മയുടേതായ, സുസ്ഥിരമായ കാർഷിക രീതിക്ക് നിലനിൽപ്പുണ്ടാവൂ.

എല്ലാവരും അതിന് ശ്രമിക്കുക- എല്ലാ മഹായാത്രകളും ഒരു ചുവടുവെപ്പോടെയാണ് ആരംഭിക്കുക എന്നു കേട്ടിരിക്കുമല്ലോ. അതുപോലെ- ചെറു പച്ചക്കറിത്തൈകൾ നട്ട് പതുക്കെ തുടങ്ങുക. തീരെ വൈകിപ്പോകുന്നതിനും മുമ്പേ തുടങ്ങുക- ഇത് നമ്മുടെ തന്നെ ആരോഗ്യത്തിന്റെയും നിലനിൽപിന്റെയും ഭാവിയുടെയും പ്രശ്നമാണെന്ന് ഉൾക്കൊണ്ടുകൊണ്ട്, പ്രാർഥനാപൂർവം തുടങ്ങുക.